**WS 2 MM 102**

# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

## ക്ലാസ് 10 മലയാളം ( അടിസ്ഥാനപാഠാവലി )

### ഒറ്റവാക്യത്തിൽ ഉത്തരം എഴുതുക

1 . തിമിരപ്പടർപ്പുകൾ - താഴെ കൊടുത്തിട്ടുള്ളവയിൽ നിന്നും ശരിയായ ഘടക പദങ്ങൾ എടുത്തെഴുതുക .

- തിമിരവും പടർപ്പും
- തിമിരത്തിന്റെ പടർപ്പുകൾ
- തിമിരമാകുന്ന പടർപ്പുകൾ

2 . 'ഇപ്രാവശ്യം ഒരു ഗ്ലാസ്സ് കാപ്പി കൂടി അമ്മ മുറിയിലെത്തിച്ചു' ഈ പ്രവൃത്തിയിലൂടെ വ്യക്തമാകുന്നത് ?

- അമ്മയ്ക്ക് കാപ്പിയാണിഷ്ടം
- ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾ തിരിച്ചറിഞ്ഞ ഭാര്യ
- മകൻ ദേഷ്യപ്പെടാതിരിക്കാൻ

3 . 'പക്ഷേ , പടികളിലെന്തോ തടഞ്ഞു പോയ്' ' ജില്ലാശുപത്രിക്കരികിൽ അമ്മയെ ഉപേക്ഷിക്കാൻ ശ്രമിച്ചപ്പോൾ മകനെ പടികളിൽ തടഞ്ഞത് എന്താവാം ?

- ചെരുപ്പ് ,
- ഓർമ്മ ,
- ഡോക്ടർ

4 . 'കരിന്തിരിയാളുക ' പ്രയോഗം കൊണ്ടുദ്ദേശിക്കുന്നത് ?

- സന്തോഷിക്കുക
- അണയാറാകുക
- പരസ്പരം സഹായിക്കുക

TVM EDL DIST

## രണ്ടു വാക്യത്തിൽ ഉത്തരം എഴുതുക

5 . 'ഇപ്പെരും മാളിന്റെ ( പെരുമാളിന്റെ) '

6 . തന്നിരിക്കുന്ന വാചകത്തെ രണ്ടു ചെറിയ വാക്യങ്ങളാക്കി മാറ്റി എഴുതുക

'അച്ഛന്റെ മരണ അടിയന്തരങ്ങളും കഴിഞ്ഞു നഗരത്തിലേക്ക് പോകുമ്പോൾ മകൻ അമ്മയെ വിളിക്കാനാഞ്ഞതാണ്".

## അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക

7 . കണാരൻ , ചാത്തുച്ചെട്ട്യാര് ഇവരിലൂടെ തെളിയുന്ന അച്ഛന്റെ സ്വഭാവ സവിശേഷതകൾ വിവരിക്കുക .

**സൂചനകൾ**

കണാരൻ - കൃത്യതയുള്ള കൃഷിക്കാരൻ , ശ്രദ്ധാലു

ചാത്തുച്ചെട്ട്യാര് - നല്ല സാമൂഹിക ബന്ധമുള്ളയാൾ

സ്വാഭിപ്രായം

8 . അമ്മത്തൊട്ടിൽ എന്ന കവിതയിൽ അമ്മയെ ഉപേക്ഷിക്കാനുള്ള ശ്രമത്തിന് തടസ്സമാകുന്നത് മകന്റെ ഓർമകളും മറ്റുമാണ് .അവയെ തീവ്ര അനുഭവമാക്കാൻ കവി ഉപയോഗിച്ചിരിക്കുന്ന പ്രയോഗങ്ങൾ (കുരച്ചത് ചാടിക്കുതിക്കുന്നു , സൂചിപ്രയോഗത്തിൻ നീറ്റൽ , പിച്ചിയതാര് , അശാന്തനായീശ്വരൻ ) ഉചിതമാണോ എന്ന് വിലയിരുത്തുക .

. **സൂചനകൾ** → വേദനിപ്പിക്കുന്ന പ്രയോഗങ്ങൾ

അലസതയെ , ഉത്തരവാദിത്തമില്ലായ്മയെ കുത്തി വേദനിപ്പിക്കുന്നു

ബോധപൂർവമുള്ള പ്രയോഗങ്ങൾ

സ്വാഭിപ്രായം

9 . 'നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ്' ' ഏതോ വിഷാദ സ്വരത്തിൽ അവൻ പറഞ്ഞു: 'ഇല്ലച്ഛമ്മേ , ഒന്നും കേൾക്കില്ല .ടീവീന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ '

'അമ്മ ആഗ്രഹിക്കുന്ന ജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകൾ സന്ദർഭത്തിൽ തെളിയുന്നുണ്ട് ?കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് സ്വന്തം നിരീക്ഷണം എഴുതുക..

ജീവിതത്തെ കുറിച്ചുള്ള അമ്മയുടെ കാഴ്ചപ്പാട്

കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തുക

10 . 'അമ്മ ഒരു സുഗന്ധമാണ് ' ഈ പ്രസ്താവനയ്ക്ക് അനുയോജ്യമായ സന്ദർഭം പാഠഭാഗത്തു നിന്നും കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക .

- അമ്മവയറ്റത്തു പറ്റിക്കിടക്കുമ്പോൾ അമ്മയുടെ ചൂടും മണവും അനുഭവിച്ചു
- കാച്ചെണ്ണയുടെ ഗന്ധം
- പുലർച്ചയിൽ 'അമ്മ ഓലക്കൊടികൾ കത്തിക്കുമ്പോഴുള്ള ഗന്ധം
- പുലർച്ചെ മുതൽ രാത്രി വരെ 'അമ്മ അടുക്കളയിൽ നിന്ന് വീടിനാകെ പരത്തുന്ന
- സുഗന്ധ രുചി

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

11 . ഓരോ വിളിയും കാത്ത് , അമ്മത്തൊട്ടിൽ എന്നീ പാഠങ്ങൾ മുന്നോട്ടു വെയ്ക്കുന്ന സാമൂഹിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക .

- വൃദ്ധർ ഭാരമാവുന്നു
- കടമ മറക്കുന്ന മക്കൾ
- വാർദ്ധക്യങ്ങളെ ഒഴിവാക്കാൻ ശ്രമിക്കുന്നു
- പ്രകൃതിയുമായുള്ള അകൽച്ച
- വാർദ്ധക്യത്തെ തിരിച്ചറിയുന്ന പുതു തലമുറ
- [illegible]

**ഉപന്യാസം - ഘടന**

തലക്കെട്ട് , ആമുഖം , വിഷയാപഗ്രഥനം ,

ഖണ്ഡികാകരണം , ഉചിതമായ ഭാഷ , ഉപസംഹാരം